(ബി) അന്യംനിന്നുപോകുന്നതും അവഗണിക്കപ്പെടുന്നതുമായ തനതു കലാരൂപങ്ങളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

(സി) 2014-15 വർഷത്തെ 'ഉത്സവ' ത്തിന്റെ പ്രവർത്തന രൂപരേഖ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

നാട്ടിക മണ്ഡലത്തിലെ ബാക്ക് വാട്ടർ മെഗാ ടൂറിസം പദ്ധതി

243 (6948) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി- പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നാട്ടിക മണ്ഡലത്തിലെ കായലുകൾ കേന്ദ്രീകരിച്ച് ബാക്ക് വാട്ടർ ടൂറിസം പദ്ധതി നടപ്പാക്കാൻ ആലോചനയുണ്ടോ ; ഇല്ലെങ്കിൽ പദ്ധതികൾ ആവിഷ്ക്കരിക്കുമോ ?

ഉത്തരം

പരിശോധിക്കുന്നതാണ്.

ഉത്തരവാദിത്ത ടൂറിസം പദ്ധതി

244 (6949) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉത്തരവാദിത്ത ടൂറിസം പദ്ധതിക്ക് സർക്കാർ നിഷ്ക്കർഷിക്കുന്ന നിബന്ധനകൾ എന്തെല്ലാമെന്നും പ്രദേശങ്ങളെ തെരഞ്ഞെടുക്കുന്നതിന് എന്തു മാനദണ്ഡമാണ് സ്വീകരിക്കുന്നതെന്നും വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ ഏതു രീതിയിലാണ് ടൂറിസ്റ്റുകളെ ആകർഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ നടത്തിപ്പ് ഏതുരീതിയിലാണെന്നും ഇതിൽ ടൂറിസം വകുപ്പിന്റെ പങ്ക് ഏതുരീതിയിലാണെന്നും മറ്റേതെങ്കിലും വകുപ്പിനെ ഇതിൽ പങ്കാളികളാക്കുമോ എന്നും വിശദീകരിക്കുമോ ?

ഉത്തരം

(എ) സാമൂഹിക, സാമ്പത്തിക പാരിസ്ഥിതിക മേഖലകളിൽ ടൂറിസം പ്രവർത്തനങ്ങൾ മൂലം സൃഷ്ടിക്കപ്പെടുന്ന പ്രതികൂല പ്രഭാവങ്ങൾ കുറയ്ക്കുക, സഞ്ചാരികൾക്കും തദ്ദേശീയർക്കും ഒരുപോലെ ടൂറിസത്തിന്റെ ഗുണഫലങ്ങൾ ലഭ്യമാക്കുക, പദ്ധതി നടപ്പാക്കുന്ന ടൂറിസം കേന്ദ്രങ്ങളുടെ സമീപ പ്രദേശങ്ങളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി നിർവ്വഹണത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

മുൻഗണന നൽകുക എന്നിവയാണ് ഉത്തരവാദിത്ത ടൂറിസം പദ്ധതിയിൽ സർക്കാർ നിഷ്ക്കർഷിക്കുന്ന നിബന്ധനകൾ. സുപ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളായ കോവളം, കുമരകം, തേക്കടി, വയനാട്-വൈത്തിരി എന്നീ സ്ഥലങ്ങൾ പരീക്ഷണാടിസ്ഥാനത്തിലാണ് പദ്ധതി പ്രദേശങ്ങളായി തെരഞ്ഞെടുത്തത്. പിന്നീട് ടൂറിസ്റ്റുകളുടെ എണ്ണം, അടിസ്ഥാന സൗകര്യങ്ങൾ, ടൂറിസം സാധ്യതകൾ എന്നീ ഘടകങ്ങൾ കണക്കിലെടുത്തുകൊണ്ട് കുമരകം, ബേക്കൽ, വയനാട്, അമ്പലവയൽ എന്നീ പ്രദേശങ്ങൾ കൂടി പദ്ധതിയിൽ ഉൾപ്പെടുത്തി ഇതുവരെയുള്ള പ്രവർത്തനങ്ങളിൽ നിന്നും തദ്ദേശീയർക്ക് പ്രത്യേകിച്ച് സാധാരണക്കാർക്ക് തൊഴിലവസരവും വരുമാനവും അതോടൊപ്പം ടൂറിസം വ്യവസായത്തിന് പുതിയ പാക്കേജുകളും നൽകാൻ കഴിഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഈ പദ്ധതി കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) പ്രാദേശിക പ്രത്യേകതകൾക്ക് ഊന്നൽ നൽകിക്കൊണ്ട് വൈവിദ്ധ്യമാർന്ന ടൂറിസം പാക്കേജുകളും മറ്റ് ടൂറിസം അനുഭവങ്ങളും സഞ്ചാരികൾക്ക് ലഭ്യമാക്കിക്കൊണ്ടാണ് ടൂറിസ്റ്റുകളെ ആകർഷിക്കുന്നത്. വിവിധ പരസ്യപ്രചാരണ പരിപാടികളിലൂടെ ആഗോളതലത്തിൽ ഈ പദ്ധതി ശ്രദ്ധയാകർഷിച്ചിട്ടുണ്ട്.

(സി) ടൂറിസം വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കിറ്റ്സാണ് ഈ പദ്ധതി നടപ്പാക്കുന്നതിനുള്ള നോഡൽ ഏജൻസി. ഉത്തരവാദിത്ത ടൂറിസം വഴി പ്രാദേശിക വികസനം ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തിൽ ടൂറിസം കേന്ദ്രങ്ങളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയും സഹകരണത്തോടെയുമാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്.

അതിരപ്പിള്ളി വെള്ളച്ചാട്ടത്തിനു സമീപം താമസസൗകര്യം

245 (6950) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോക ടൂറിസത്തിൽ സ്ഥാനം പിടിച്ച അതിരപ്പിള്ളി വെള്ളച്ചാട്ടത്തിനു സമീപത്തുള്ള ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽവക സ്ഥലത്ത് ടൂറിസ്റ്റുകൾക്ക് താമസം, ഭക്ഷണം എന്നീ സൗകര്യങ്ങളുള്ള ഒരു കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ;

(ബി) അതിരപ്പിള്ളി വെള്ളച്ചാട്ടത്തിന്റെ മനോഹാരിത ആസ്വദിക്കുന്നതിന് സഹായകരമായ വിധത്തിൽ ഒരു തൂക്കുപാലം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ;

(സി) ഇവിടെ ഡൈനാമിക് ലൈറ്റിംഗ് സംവിധാനം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly